**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 375**
**03/03/2020 ലെ മറുപടിക്ക്**

**ആസ്തി വികസന ഫണ്ടിൽ നിന്നും വായനശാല കെട്ടിടങ്ങൾക്ക് തുക അനുവദിക്കൽ**

| | ചോദ്യം<br>ശ്രീ. യു. ആർ. പ്രദീപ് | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രാമീണ വായന ശാലകൾക്ക് കെട്ടിടം പണിയുന്നതിന് തുക അനുവദിക്കുവാൻ കഴിയില്ല എന്ന നിബന്ധന നിലവിലുണ്ടോയെന്ന് അറിയിക്കുമോ; | സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള, ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ നിർമ്മാണമാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി വിഭാവനം ചെയ്യുന്നത്. പഞ്ചായത്ത് ലൈബ്രറികൾക്ക് ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി വരുന്നുണ്ട്. എന്നാൽ സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പല ലൈബ്രറികളുടേയും ഉടമസ്ഥാവകാശം അവ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കോ ക്ലബ്ബുകൾക്കോ ആണ്. അത്തരം ലൈബ്രറികളുടെ കെട്ടിട നിർമ്മാണത്തിന് ആസ്തി വികസന പദ്ധതിയിൽ നിന്നും ധനസഹായം അനുവദനീയമല്ല. ആയതിലേക്കായി നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ 27/05/2019 ലെ സർക്കാർ ഉത്തരവ് (അച്ചടി)നം. 60/2019/ധന പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി (MLA SDF) വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കലാ-സാംസ്കാരിക-വായന രംഗങ്ങളിൽ ഗ്രാമീണ മേഖലയിലെ യുവതി-യുവാക്കളെ വളർത്തികൊണ്ടു വരാൻ സഹായിക്കുന്ന ഗ്രാമീണ വായനശാലകളെ സഹായിക്കുന്നതിനായി മേൽപറഞ്ഞ നിബന്ധനയിൽ ഇളവു വരുത്തുന്നതിനു നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**